(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാർക്ക് വിശ്രമത്തിനായി അനുവദിച്ച സ്ഥലം സർക്കാർ അനുമതിയില്ലാതെ സ്വകാര്യ ബാങ്കിന് നൽകിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ നിന്നും സർക്കാരിന് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ഡോക്ടർമാരുടെ വിശ്രമത്തിനുതന്നെ വീണ്ടും അനുവദിക്കുകയോ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയോ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ബാധകമല്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി മരവിപ്പിച്ച ഭൂമി

134 [5279] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസനത്തിനുവേണ്ടി പരിസര പ്രദേശത്തെ 4 വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി അരനൂറ്റാണ്ടുകാലമായി മരവിപ്പിച്ചിരിക്കുന്നത് ആരോഗ്യ വകുപ്പിന്റെ ആവശ്യപ്രകാരമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയിൽ നിന്നും എത്ര ഹെക്ടർ ഉടനെ ഏറ്റെടുക്കാൻ ഉദ്ദേശമുണ്ടെന്ന് അറിയിക്കാമോ;

(സി) ആവശ്യം കഴിഞ്ഞുള്ള ഭൂമി ഉടമകൾക്ക് പൂർണ്ണ സ്വാതന്ത്ര്യത്തോടെ വിട്ടു നൽകാൻ നിർദ്ദേശിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വികസനാവശ്യത്തിനുവേണ്ട ഭൂമി അടിയന്തിരമായി ഏറ്റെടുക്കുവാനും ഉടമകൾക്ക് നഷ്ടപരിഹാരം നൽകുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഇ) 1974 സെപ്റ്റംബർ 3-ന് തിരുവനന്തപുരത്ത് എം.സി.എച്ച്. പ്രിൻസിപ്പാൾ ആവശ്യപ്പെട്ടതുപ്രകാരമുള്ള മേജർ വികസന പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞോ;

(എഫ്) നിർദ്ദിഷ്ട പദ്ധതികളിൽ പൂർത്തിയാകാതെ അവശേഷിക്കുന്നവ തദവസാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമോ;

(ജി) ഇക്കാര്യത്തിൽ സ്ഥലം എം.എൽ.എ.യും മെഡിക്കൽ കോളേജ് ആശുപത്രി ഉപദേശക സമിതിയും നൽകിയ നിവേദനങ്ങളിൽ എന്തുതീരുമാനം സ്വീകരിച്ചു എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസനത്തിനായിട്ടാണ് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം സ്ഥലം ഏറ്റെടുത്തിരിക്കുന്നത്.

(ബി) ഏകദേശം 50 ഏക്കറോളം സ്ഥലം ഈ ഭൂമിയിൽ നിന്നും ഉടനെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

(സി) ആശുപത്രി വികസനത്തിനാവശ്യമായ ഭൂമി മാത്രമാണ് ഏറ്റെടുക്കുന്നത്. വികസന പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം മാത്രമേ അവശേഷിക്കുന്ന ഭൂമി വിട്ടുകൊടുക്കുന്നതിനെപ്പറ്റി കോളേജ് കമ്മിറ്റി മാനേജ്മെന്റിന് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പൂർത്തീകരിച്ചു കഴിഞ്ഞിട്ടില്ല.

(എഫ്) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനാണ് പ്രാഥമിക പരിഗണന.

(ജി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ ഉൾപ്പെടെയുള്ള വികസനങ്ങൾക്ക് സ്ഥലം ആവശ്യമായിവരുന്നതിനാൽ അവശേഷിക്കുന്ന ഭൂമി വിട്ടുകൊടുക്കുന്നത് പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം മതിയെന്ന തീരുമാനമാണ് കോളേജ് കമ്മിറ്റി മാനേജ്മെന്റ് കൈക്കൊണ്ടത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിന് സ്വകാര്യ ഏജൻസികളുമായി കരാർ

135 [5280] ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിന് ഏതെങ്കിലും സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏർപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനം

136 [5281] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനുമായി സർക്കാർതലത്തിൽ വിളിച്ചുകൂട്ടിയ കോൺഫറൻസുകളുടെ തീരുമാനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly